സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**ടെർമിനൽ സറണ്ടർ, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ആർ.ഒ.സി. 18/19/അക്കൗ                    തിരുവനന്തപുരം.28.01.2022

---

**പരാമർശം:-** 
1. 06.09.2021-ലെ മേൽ നമ്പർ ബോർഡുത്തരവ്.
2. ദേവസ്വം കമ്മീഷണറുടെ 31.11.2021, 01.09.2021 തീയതികളിലെ 19204/19/എസ്റ്റാ-സി, 9816/21/ എസ്റ്റാ-സി നമ്പർ റിപ്പോർട്ടുകൾ.
3. തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷന്റെ 22.12.2021-ലെ കത്ത്.
4. ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 05.01.2022 ലെ ഡി.എ നം. 12/ 22/ഇ3 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

കോവിഡ്-19 മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് 28-2-2021 വരെ വിരമിച്ച ജീവനക്കാരുടെ ടെർമിനൽ സറണ്ടർ, കമ്മ്യൂട്ടേഷൻ ആനുകൂല്യങ്ങൾ എന്നിവ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഗഡുക്കളായി നൽകുന്നതിന് തീരുമാനിച്ചിരുന്നു. (പരാമർശം 1)

എന്നാൽ 28-2-2021-ന് ശേഷം വിരമിച്ച ജീവനക്കാർക്കും ടി ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചു. (പരാമർശം 2, 3) ആയതിന്മേൽ ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം ലഭ്യമാക്കി.(പരാമർശം 4)

പ്രസ്തുത റിപ്പോർട്ടിൽ 28.02.2021-ന് ശേഷം നാളിതുവരെ വിരമിച്ച ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ, പെൻഷൻ കമ്മ്യൂട്ടേഷൻ ആനുകൂല്യങ്ങൾ എന്നിവ നൽകുന്നില്ലായെന്നും, ബോർഡിന്റെ സാമ്പത്തിക സ്ഥിതി നേരിയ തോതിൽ മാത്രമാണ് മെച്ചപ്പെട്ടു വരുന്നതെന്നും, ടി സാഹചര്യത്തിൽ എല്ലാവർക്കും പൂർണ്ണമായും ടി

ആനുകൂല്യങ്ങൾ നൽകുവാൻ സാധിക്കുകയില്ലായെന്നും എന്നാൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകാതെ ദീർഘനാൾ കെട്ടി കിടന്നാൽ അത് ബോർഡിന് വൻ ബാധ്യത ഉണ്ടാക്കാൻ ഇടയാക്കുമെന്നതിനാൽ ബഹു. ബോർഡ് അനുവദിക്കുകയാണെങ്കിൽ 31.05.2021 വരെ വിരമിച്ച ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ ഒരു ഗഡുവായി തന്നെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകാവുന്നതാണെന്നും അഭിപ്രായപ്പെട്ടിട്ടുള്ളതാണ്.

**പ്രസ്തുത വിഷയം ബോർഡ് പരിശോധിച്ചു.**

ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 31.05.2021 വരെ വിരമിച്ച ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ ഒരു ഗഡുവായി തന്നെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് **നൽകുന്നതിന് ബോർഡുത്തരവാകുന്നു.**

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)

**സെക്രട്ടറി**

വിവരമറിയാനും നടപടിക്കുമായി പകർപ്പ്;-

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
3. ജനറൽ സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷൻ
4. ഇ.ഡി.പി സെക്ഷൻ
5. മിനിറ്റ്സ് സെക്ഷൻ
6. സെക്ഷൻ ഫയൽ
7. ഫെയർ ആഫീസ് കോപ്പി

**അംഗീകാരത്തോടെ**

**അസിസ്റ്റന്റ് സെക്രട്ടറി**